കടൽക്കുതിര

കോന്നിയൂർ നരേന്ദ്രനാഥ്

പെണ്ണു ചെയ്യേണ്ടതെന്നു പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള ചില കർത്തവ്യങ്ങൾ, ആണ് നിർവഹിക്കുന്നതായി കാണുമ്പോൾ നേരമ്പോക്കു തോന്നുക പതിവാണ്. ഇത്തരത്തിലുള്ള സഹതാപത്തിന് അർഹരായിട്ടുള്ളവരാണു കടൽക്കുതിരയുടെ കൂട്ടത്തിലെ പുരുഷവർഗ്ഗം. പെണ്ണിനെ സംബന്ധിച്ചിടത്തോളം അവളുടെ കർത്തവ്യം മുട്ടയിടുന്നതോടെ അവസാനിക്കുന്നു. അവൾ എവിടെയെങ്കിലും മുട്ടയിട്ടിട്ടു ആണിനെ മേൽനോട്ടച്ചുമതല ഏൽപ്പിക്കുകയല്ല ചെയ്യുന്നത്. ആൺവർഗ്ഗത്തിന് ഉദരത്തോടു ചേർന്ന് ഒരു സഞ്ചിയുണ്ട്. സഞ്ചിമൃഗത്തിന്റെ സഞ്ചിപോലുള്ള ഒന്ന്. ഒന്നായി പുറമേ തോന്നുമെങ്കിലും ഈ സഞ്ചിക്കു രണ്ട് ഉറകൾ ഉണ്ടുതാനും. ഇതിലാണു ബഹുമാനപ്പെട്ട ശ്രീമതി മുട്ട നിക്ഷേപിക്കുന്നത്. അതു കഴിഞ്ഞാൽ പിന്നെ അവൾ തന്റേടത്തോടെ സ്ഥലം വിടും. ഒന്നും രണ്ടും മുട്ടയല്ല ഇരുന്നൂറെണ്ണം വരെയാണ് അവൾ ആണിന്റെ സഞ്ചിയിൽ സംഭാവന ചെയ്യുന്നത്. അന്നു മുതൽ ആണിന്റെ ഭാരം ആരംഭിക്കുന്നു. മുട്ടയ്ക്ക് കേടൊന്നും വരാത്ത വിധത്തിൽ സൂക്ഷിച്ചേ അവൻ ജീവിക്കാവൂ. മുട്ട വിരിയുന്നതിന് 40 മുതൽ 50 ദിവസം വരെയാകും. വിരിയുന്നവയെ നാലഞ്ചെണ്ണമെന്ന ക്രമത്തിനു സഞ്ചിയുടെ ചെറിയ ദ്വാരത്തിൽക്കൂടി പുറത്തേയ്ക്കു വിടാൻ വളരെ ബദ്ധപ്പെടേണ്ടതായിട്ടുണ്ട്. ഈ സമയം അവൻ അനുഭവിക്കുന്ന വിഷമം ഭയങ്കരമാണെന്നുവേണം വിചാരിക്കാൻ. വെള്ളത്തിൽ മണലുള്ള ഭാഗത്തു ചെന്നു കിടന്ന് ഉരുളുകയും മറ്റും ചെയ്യും. ,,പ്രസവവേദന,,കൊണ്ടു വിമ്മിഷ്ടപ്പെടുമ്പോൾ അവന്റെ കണ്ണു തള്ളുന്നതും ദൃഷ്ടി ചുഴറ്റി വേദന വ്യക്തമാക്കുന്നതും കണ്ടുകൊണ്ടു നിൽക്കുന്നതു തന്നെ ദുസ്സഹമത്രേ. കുഞ്ഞുങ്ങളെ ഇങ്ങനെ നൊന്തു പുറത്തു വിട്ടാൽ ആണിന്റെ ഉത്തരവാദിത്വം കഴിഞ്ഞു. ജീവിക്കാൻ കരുത്തുള്ള കുഞ്ഞുങ്ങൾ ജീവിക്കും. മറ്റുള്ളവ മരിക്കുകയോ ശത്രുക്കളുടെ ആഹാരമായിത്തീരുകയോ ആണ് പതിവ്. ഇരുന്നൂറു മുട്ട വിരിഞ്ഞാൽ പ്രായപൂർത്തിയാകുന്നതു കഷ്ടിച്ചു പത്തോ പതിനഞ്ചോ ആയിരിക്കും. പുറത്തുപോയ കുഞ്ഞുങ്ങൾക്ക് അച്ഛന്റെ സഞ്ചിയിൽ തിരിച്ചു ചെന്ന് അഭയം പ്രാപിക്കുവാൻ സാധിക്കുന്നതല്ല. എന്നാൽ ഒരു ജാതി കടൽക്കുതിരകൾ ഇത്തരം ജീവകാരുണ്യം കാണിക്കാറുണ്ടെന്ന സംഗതി പറയാതെ കഴിയുകയില്ല. കുഞ്ഞുങ്ങൾക്കു പ്രായപൂർത്തിയെത്തുന്നതിനു അഞ്ചോ ആറോ രണ്ടു കൊല്ലത്തോളമേ ആവശ്യമുള്ളു. അന്ന് അവയും പ്രത്യുല്പാദനശക്തിയാർജ്ജിക്കുന്നു. ആണും പെണ്ണും അടുത്തുകഴിഞ്ഞാൽ ശരീരചലനത്താലും അംഗവിക്ഷേപങ്ങളാലും അവ പരിണയപ്രകടനങ്ങൾ നടത്തിത്തുടങ്ങും. നേരമ്പോക്കുളവാക്കുന്ന ഈ ചലനങ്ങളെ ‘കല്യാണനൃത്തം’ ആയി വ്യാഖ്യാനിക്കുന്നതിൽ തെറ്റില്ല.

പ്രത്യുൽപ്പാദനകാര്യത്തിൽ മാത്രമല്ല കടൽക്കുതിരകൾ നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നത്. മറ്റു പല കാര്യങ്ങളിലും ഈ ജീവികൾ നിരീക്ഷണ തല്പരരുടെ കൗതുകത്തെ പെരുക്കാറുണ്ട്. ഇതിന്റെ ആകൃതിയും പ്രകൃതിയും സ്വഭാവവിശേഷങ്ങളും മറ്റു ജീവികളിൽ കാണാവുന്നതല്ല. മിക്കവാറും മൽസ്യമന്ദിരങ്ങളിൽ പ്രദർശനാർത്ഥം സൂക്ഷിക്കപ്പെടുന്ന ജീവിയായതിനാൽ നിങ്ങളിൽ പലർക്കും അതിനെ കാണാനുള്ള അവസരം കിട്ടാതാവുകയല്ല.

സമുദ്രത്തിൽ കരയിലുള്ളതുപോലെ ആർക്കും അൽഭുതമുളവാക്കുന്ന നിരവധി ജീവികളുണ്ട്. പ്രത്യേകസാഹചര്യങ്ങളിൽ ജീവിക്കുന്ന ജന്തുക്കൾക്കു സ്വാഭാവികമായി ആ സാഹചര്യത്തോടിണങ്ങിപ്പോകുന്നതിനു സഹായകമായ വിധത്തിൽ ശാരീരികഘടനകൾ ഉണ്ടാകാത്ത തരമില്ല. സൂര്യരശ്മികൾ കടന്നു ചെല്ലാത്ത ആഴിയുടെ അന്ധകാരാവൃതമായ ഭാഗങ്ങളിൽ അധിവസിക്കുന്ന ജീവികൾ സ്വന്തം വിളക്കുകൾ ശരീരത്തിൽത്തന്നെ സംവിധാനം ചെയ്യാറുണ്ട്. പവിഴപ്പുറ്റിലും, പാറപ്പൊട്ടിലും ജീവിക്കുന്നവ അവിടത്തെ അന്തരീക്ഷത്തിനനുഗുണമായ ആകാരവിശേഷങ്ങളും നിറപ്പകിട്ടുകളും സ്വീകരിക്കാറുണ്ട്. ശത്രുക്കളുടെ പിടിയിൽപ്പെടാതിരിക്കാൻ എന്തൊക്കെ സൂത്രപ്പണികളാണു ജന്തുക്കൾ ചെയ്യാറുള്ളത്. ഇങ്ങനെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അൽഭുതമുളവാക്കാൻ കെൽപ്പില്ലാത്ത ജീവികൾ കടലിലായാലും കരയിലായാലും കുറവുതന്നെ. ഇങ്ങനെയുള്ള ഒരു ജീവിയാണു കടൽക്കുതിര.

കടൽക്കുതിരയെന്നു പറയുമ്പോൾ കരയിലെ കുതിരയെപ്പോലെ വലിപ്പമുള്ളവയാണിവയെന്ന് അതിനെ കണ്ടിട്ടില്ലാത്തവർ കരുതരുത്. കരയിലെ കുതിരയും കടൽക്കുതിരയും തമ്മിൽ ആനയും ആമയും തമ്മിലുള്ള വ്യത്യാസമുണ്ട്. ഒരിഞ്ചു മുതൽ രണ്ടടിവരെയാണു കടൽക്കുതിരകളുടെ വലിപ്പം. ആകെ അൻപതിൽപരം ജാതികൾ ഉണ്ടുതാനും. ആസ്ത്രേലിയായോടു സമീപിച്ചുള്ള കടലുകളിൽ കാണുന്ന ഒരു വർഗ്ഗത്തിന് അഞ്ചോ ആറോ രണ്ടടിവരെ വലിപ്പം കാണും. ഭൂമദ്ധ്യരേഖാ പ്രദേശങ്ങളിലെ കടലുകളിൽ കടൽക്കുതിരകളെ സാധാരണമായി കാണാറുണ്ട്. തണുപ്പുപ്രദേശങ്ങളിലും അപൂർവ്വമായിട്ടില്ലാതില്ല. ശുദ്ധജലത്തിൽ ജീവിക്കുന്നവയും കുറെയുണ്ട്. ജപ്പാൻ കടലിലും കിഴക്കേ ഏഷ്യൻ ദ്വീപസമൂഹങ്ങളോടടുത്തുള്ള കടലുകളിലും നമ്മുടെ ഇന്ത്യാ സമുദ്രത്തിലും ആണ് ഏറ്റവും അധികമുള്ളത്. ഇവിടങ്ങളിലെല്ലാം കടൽച്ചെടികൾ ധാരാളമുള്ള സങ്കേതങ്ങളിലാണു ഇവയുടെ ആവാസം. ആഴത്തിലല്ല, അവ കഴിഞ്ഞുകൂടുന്നതും. കടൽച്ചെടികളിൽ കെട്ടിപ്പിടിച്ചുകഴിയുവാനാണു കൗതുകം. കടലൊഴുക്കിൽപെട്ടു സസ്യങ്ങൾ സങ്കേതം വിട്ടുപോയാൽ അവയോടൊപ്പം ഈ ജീവിയും ദീർഘദൂരം സഞ്ചരിച്ചെന്നുവരും.

കടൽക്കുതിരകളുടെ ശരീരഘടന കടൽച്ചെടികളുടെ ഇടയിൽ സൗകര്യമായി പുലരുന്നതിനു സഹായിക്കുന്ന തരത്തിലുള്ളതാണ്. അതിന്റെ നിറവും മറ്റും സസ്യങ്ങളിൽ നിന്ന് അധികം ഭിന്നമായിരിക്കുന്നതുമല്ല. ഈ ചുറ്റുപാടിൽ ശത്രുക്കൾക്ക് അവയെ അത്രപെട്ടെന്നു തിരിച്ചറിയാൻ സാധിച്ചെന്നു വരുന്നതല്ല. ആക്ഷതമരയ്ക്ക് ഇതാണ് ഏറ്റവും വലിയ ഏർപ്പാട്. മറ്റു തരത്തിൽ പ്രതിരോധത്തിനു കഴിവില്ലാത്ത ജീവികൾക്കു പ്രകൃതി നൽകിയിരിക്കുന്ന ഒരു സവിശേഷതയാണിത്.

കടൽക്കുതിര ഒരു തരം മൽസ്യമാണ്. ഇതു മൽസ്യമാണെന്നുപറഞ്ഞാൽ വിശ്വസിക്കാൻ കുറെ വിഷമം തോന്നും എങ്കിലും സത്യം ഇതാണ്. കുതിരയുടെ തലപോലെയാണ് ഇതിന്റെയും ശിരസ്. വാലാണെങ്കിൽ ഒരു ഗൗളിയുടെ (പല്ലി) വാലുപോലെയായിരിക്കും.—പക്ഷേ അത്രയും നീളം കാണുകയില്ലെന്നുമാത്രം. അതു ചുരുട്ടിയാണുവച്ചേക്കുക. മൽസ്യങ്ങളെപ്പോലെ ഇതു ശ്വാസോച്ഛ്വാസം,, നടത്തുന്നത് ശകുലങ്ങളു (Gills)ടെ സഹായത്താലാണ്. പക്ഷേ ആകൃതിയിൽ ഭിന്നമാണെന്നുമാത്രം. മറ്റു മൽസ്യങ്ങളെപ്പോലെയല്ല വെള്ളത്തിൽ കടൽക്കുതിരയെ കാണപ്പെടുന്നത്. അവ നെട്ടനെ നിൽക്കുകയാണ്. മൽസ്യങ്ങളെപ്പോലെ നെടുകെ കിടക്കുന്ന രീതിയിലല്ല. നിവർന്നു നിൽക്കുന്ന രീതിയിൽ നീന്താൻ കഴിവുള്ള മൽസ്യം ഇതൊന്നുമാത്രമാണ്. പൃഷ്ഠപത്രം ഉപയോഗിച്ചാണ് ഇതു ചെയ്യുക. കടിപത്രവും ഈ പ്രവർത്തനത്തിൽ സഹായിക്കും. മൽസ്യങ്ങൾക്കു വാല് അതിപ്രധാനമായ ഒരു അവയവമാണ്. സഞ്ചരിക്കുമ്പോൾ ഗതി മാറാനും മറ്റും അതില്ലെങ്കിൽ സാദ്ധ്യമല്ല. എന്നാൽ കടൽക്കുതിരയുടെ വാൽ പ്രധാനമായി കടൽച്ചെടികളിൽ കെട്ടിപ്പിടിക്കുന്നതിനാണുപകരിക്കുക. മൽസ്യങ്ങളിൽ സാധാരണമായുള്ള ചെതുമ്പലുകൾ (പ്നാലു്) കടൽക്കുതിരകളിലില്ല. അവ രൂപാന്തരപ്പെട്ട ഒരു തരം മോതിര വളയങ്ങളാണ് രക്ഷാകവചം. തോടിന്റെ പുറത്തു മിക്കപ്പോഴും മുള്ളുകളും, മുള്ളുകളുടെ ശിഖരങ്ങളും ഉണ്ടായിരിക്കും. സാഹചര്യത്തിനനുരൂപങ്ങളായ ആകൃതികളാണ് ഈ ശിഖരങ്ങൾക്കുണ്ടായിരിക്കുക. നിറത്തിന്റെ കാര്യം മുമ്പു സൂചിപ്പിച്ചല്ലോ. ഓന്തിനെപ്പോലെ അത്യാവശ്യത്തിനു നിറം മാറുവാനും കടൽക്കുതിരകൾക്കു ശേഷിയുണ്ട്. കണ്ണിന്റെ കാര്യത്തിനും ഇവയ്ക്ക് ഓന്തിനോടു സാദൃശ്യമുണ്ട്. തലയുടെ ഇരുവശങ്ങളിലുമാണു കണ്ണുകളുടെ സ്ഥാനം. ഓരോകണ്ണും സ്വതന്ത്രമായി പ്രവർത്തിപ്പിക്കാൻ വിഷമമില്ല. ഒരു കണ്ണുകൊണ്ട് ഒരു വശത്തേയ്ക്കും മറേറക്കണ്ണുകൊണ്ടു വേറെവിടെങ്കിലും നോക്കുന്നതിനു് അദ്ധ്വാനവുമില്ല.

ആഹാരകാര്യത്തിൽ ചില നിഷ്ഠകളുണ്ടു കടൽക്കുതിരയ്ക്ക്. അപകട ശങ്കയുള്ളതൊന്നും അത് ആഹരിക്കാറില്ല. ആഹാരത്തിനായി പോരിലേർപ്പെടാനും അതു താല്പര്യം കാണിക്കാറില്ല. അങ്ങനെയുള്ള അവസരങ്ങളിൽ ഉപവസിക്കാനാണു കൂടുതൽ ഇഷ്ടം! നിരുപദ്രവികളായ ജലകീടങ്ങളെയും മറ്റുമാണു മുഖ്യമായി ആഹാരമാക്കാറുള്ളത്. കുഴലുപോലുള്ള ചുണ്ടിനുള്ളിലേയ്ക്ക് ആഹാരം വലിച്ചു കയറ്റുന്നു. വളരെ പതിഞ്ഞമട്ടുകാരനാണെങ്കിലും കടൽക്കുതിര ഒരു വൃകോദരൻ തന്നെ!

പ്ര—പ്ര